## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6423 03.04.2018 ലെ മറുപടി

### കിഫ്ബിയിൽ ഉൾപ്പെടുത്തിയ ചെറുകിട ജലസേചന പദ്ധതികൾ

**ചോദ്യം** **മറുപടി**

**ശ്രീ.പി.കെ.അബ്ദു റബ്ബ് :** **മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പമന്ത്രി)**

| | ചോദ്യം | മറുപടി |
|---|---|---|
| | കിഫ്ബിയിൽ ഉൾപ്പെടുത്തിയതും ഭരണാനുമതി ലഭിച്ചതും പ്രവൃത്തി പൂർത്തീകരിച്ചതുമായ ചെറുകിട ജലസേചന പദ്ധതികളുടെ പേരുകൾ പട്ടിക തിരിച്ച് ലഭ്യമാക്കുമോ? | 2016-17 ലെ ബഡ്ജറ്റിൽ ജലസേചന വകുപ്പ് KIIFB മുഖാന്തിരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. പുലിമുട്ടുകളുടെ നിർമ്മാണം<br>2. പാർവ്വതീ പുത്തനാറിന്റെ പുനരുദ്ധാരണം<br>3. ആലപ്പുഴ – കുട്ടനാട് ചങ്ങനാശ്ശേരി - കോട്ടയം ജലഗതാഗതം - ആലപ്പുഴ കനാലിന്റെ സൗന്ദര്യ വൽക്കരണം<br>4. കണ്ടൂർതോടിന്റെ പുനരുദ്ധാരണം<br>5. ചിറ്റൂർ മൂലത്തറ ആർ.സി.ബി<br>6. തൃപ്പൂണിത്തുറ അന്ധകാരത്തോടിന്റെ പുനരുദ്ധാരണം<br>2017-18 ലെ ബഡ്ജറ്റ് പ്രകാരം KIIFB മുഖാന്തിരം നടപ്പിലാക്കുന്നതിനായി കേരളത്തിലെ ഇരുപതോളം നദികളിലായി തടയണകൾ നിർമ്മിക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കിഫ്ബിയിൽ ഉൾപ്പെടുത്താൻ വേണ്ടി സർക്കാർ in principle sanction നല്കിയ തടയണകളുടെ പേരുകൾ താഴെ ക്കൊടുക്കുന്നു.<br><br>1) കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ ചപ്പാരപ്പടവ് പഞ്ചായത്തിൽ കുവേരി കാട്ടാംപള്ളിയിൽ കുപ്പം പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം.<br><br>2) മലപ്പുറം ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിൽ മൂതിക്കയം കീഴ്ശറിക്കടവിൽ കുന്തിപ്പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം.<br><br>3) മലപ്പുറം ജില്ലയിൽ കുറ്റിപ്പുറം പഞ്ചായത്തിൽ കാങ്കക്കടവിൽ ഭാരതപ്പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം.<br><br>4) കോഴിക്കോട് ജില്ലയിൽ ഉളികപ്പുഴയിൽ പെരിഞ്ചേരിക്കടവിന് മുകളിലായി കുറ്റ്യാടി പ്പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം.<br><br>5) ഭരണങ്ങാനം പഞ്ചായത്തിൽ കുട്ടനാൽക്കടവിൽ മീനച്ചിൽ നദിയ്ക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം.<br><br>6) മലപ്പുറം ജില്ലയിൽ കടലുണ്ടിപ്പുഴയ്ക്ക് കുറുകെ പുഴൻകാവിൽ റഗുലേറ്ററിന്റെ നിർമ്മാണം.<br><br>7) കിടങ്ങൂർ പഞ്ചായത്തിൽ ചെമ്പിലാവിൽ മിനി ഡാം കം റഗുലേറ്ററിന്റെ നിർമ്മാണം. |

| | | | |
|---|---|---|---|
| | | | 8) മലപ്പുറം ജില്ലയിൽ ഇടവന പഞ്ചായത്തിൽ പള്ളിമുക്ക് – പന്നിപ്പാറയിൽ ചാലിയാർ പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം.<br><br>ജലസേചനവകുപ്പിന്റെ എസ്.പി.വി.ആയ KIIDC മുഖാന്തിരമാണ് മേൽ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ